Downloaded From :http://cbseportal.com/

SET-4

Series JMS/C

Code No. 12

Roll No. [ ] [ ] [ ] [ ] [ ] [ ] [ ]

Candidates must write the Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **8** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്ത് കൊടുത്തിരിക്കുന്ന കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ **8** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരമെഴുതുന്നതിന് മുമ്പായി ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 ന് ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.

- Please check that this question paper contains **8** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **8** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 80*

*Time allowed : 3 hours* | *Maximum Marks : 80*



Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

The Question Paper is divided into four sections :

| | |
|---|---|
| Section A : Reading Comprehension | 10 marks |
| Section B : Writing | 16 marks |
| Section C : Grammar | 17 marks |
| Section D : Literature | 37 marks |

## എ വിഭാഗം

## SECTION A

1. താഴെ കൊടുത്തിരിയ്ക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

രാഷ്ട്രീയ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങൾക്കും സംരക്ഷണത്തിനും പൊതുവായ താത്പര്യങ്ങൾ ഉയർത്തിപ്പിടിയ്ക്കുന്നതിനും വേണ്ടിയുള്ള നീക്കങ്ങളെയാണ് ഫെമിനിസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഫ്രഞ്ച് ചിന്തകനായ ചാൾസ് ഫോറിയർ ആണ് ഫെമിനിസം എന്ന പദം 1837-ൽ പ്രയോഗത്തിൽ കൊണ്ടുവന്നത്. പ്രോട്ടോഫെമിനിസ്റ്റ് എന്ന പദമുപയോഗിച്ചാണ് ആദ്യകാല ഫെമിനിസ്റ്റ് പ്രവർത്തനങ്ങളെ സൂചിപ്പിച്ചിരുന്നത്. ഇരുണ്ട കാലഘട്ടം എന്നറിയപ്പെട്ടിരുന്ന മധ്യകാലഘട്ടത്തിലും തുടർന്നു വന്ന നൂറ്റാണ്ടുകളിലും സ്ത്രീകളുടെ അവസ്ഥ ലോകമെങ്ങും ശോചനീയമായിരുന്നു. നിയമപരമായ സംരക്ഷണങ്ങളോ വിദ്യാഭ്യാസ അവകാശങ്ങളോ സ്ത്രീകൾക്ക് ലഭിച്ചിരുന്നില്ല. ഇത്തരം സാമൂഹിക സാഹചര്യങ്ങളിൽ നിന്നാണ് ഫെമിനിസം ഉയർന്നുവന്നത്. ഇക്കാലത്ത് സ്ത്രീവാദ ആശയങ്ങൾ രൂപപ്പെട്ടതും ഫെമിനിസ്റ്റ് പ്രവർത്തനങ്ങൾ മുഖ്യമായി സംഘടിപ്പിയ്ക്കപ്പെട്ടതും സ്ത്രീകളുടെ നിയമപരമായ അവകാശങ്ങൾക്കുവേണ്ടിയായിരുന്നു. ഇത് പിന്നീട് അവരുടെ ശാരീരികവും പ്രത്യുത്പാദനപരവുമായ അവകാശങ്ങളിലേയ്ക്ക് നീങ്ങി.


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

അതിനോപ്പം തന്നെ ഗാർഹികപീഡനം, ലൈംഗികപീഡനം എന്നിവയ്ക്കെതിരെയുള്ള പ്രതിഷേധങ്ങളും ഉയർന്നുവന്നു. സ്ത്രീകളുടെ സാമ്പത്തികസുരക്ഷ, ജോലിസ്ഥലങ്ങളിലെ അവകാശങ്ങളായ പ്രസവാവധി, തുല്യവേതനം, ലിംഗവിവേചനം എന്നിവയും ഫെമിനിസ്റ്റ് വിചാരധാരയിൽ ഉൾപ്പെട്ടു.

**ചോദ്യങ്ങൾ :**

(a) എന്താണ് ഫെമിനിസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ? *2*

(b) ഫെമിനിസം എന്ന പദം പ്രയോഗത്തിൽ കൊണ്ടുവന്നത് ആരാണ് ? ആദ്യകാല ഫെമിനിസ്റ്റ് പ്രവർത്തനങ്ങളെ സൂചിപ്പിച്ചിരുന്ന പദമേത് ? *2*

(c) ഏത് സാമൂഹികസാഹചര്യമാണ് ഫെമിനിസത്തെ ഉയർത്തിക്കൊണ്ടുവന്നത് ? *2*

(d) ഫെമിനിസ്റ്റ് വിചാരധാരയിൽ ഉൾപ്പെടുന്ന അവകാശങ്ങൾ എന്തെല്ലാം ? *2*

(e) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. *2*

## ബി വിഭാഗം
## SECTION B

**2.** **ഏതെങ്കിലും ഒരു** വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. *8*

(a) വികസനവും പരിസ്ഥിതിയും

(b) സാമൂഹ്യമാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം

(c) കായികവിദ്യാഭ്യാസത്തിന്റെ ആവശ്യകത

**3.** പാതയോരങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം കുമിഞ്ഞ് കൂടുന്നത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് അധികൃതർക്ക് കത്ത് തയ്യാറാക്കുക. *8*


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

## സി വിഭാഗം

## SECTION C

**4.** (a) പ്രയോഗം മാറ്റുക. *1×2=2*

(i) അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെനോക്കി.

(ii) അർജ്ജുനൻ അവരെ കണ്ട ഉടനെ തന്റെ അസ്ത്രത്തെ പ്രതിസംഹരിച്ചു.

(b) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. *1×2=2*

(i) അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകന് തുടരെത്തുടരെ കത്തുകൾ അയച്ചു.

(ii) ഹോമധൂപം മാവിന്റെ ഉയരത്തിൽ ചെല്ലുമ്പോൾ മാവ് പ്രീതിയോടെ മാങ്ങ പൊഴിച്ചു തരും.

(c) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. *1×2=2*

(i) നീരറ്റ്

(ii) പൊതിയഴിച്ചു

(d) വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക. *1×2=2*

(i) ചാരുശൈശവം

(ii) മർത്ത്യജന്മം

(e) പര്യായപദങ്ങൾ എഴുതുക. *1×2=2*

(i) രക്തം

(ii) തളിര്

(f) നാനാർത്ഥങ്ങൾ എഴുതുക. *1×2=2*

(i) മന്ത്രം

(ii) മോഹം


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

(g) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *1×2=2*

(i) ദിവസേന പൊട്ടിയ കുപ്പിയും കീറക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കി നടന്ന് വിറ്റില്ലായെങ്കിൽ നിത്യേനയുള്ള ആഹാരത്തിന് അന്നന്ന് വഴിയില്ലാത്ത അവസ്ഥയായി.

(ii) രാജാവിന്റെ ഈ വിലാപം കേട്ട ആയിരക്കണക്കിന് ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങും ഇങ്ങും പാഞ്ഞു പോയി.

**5.** ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) വിപരീതപദമെഴുതുക. $\frac{1}{2}\times 2=1$

(i) വിയോഗം
(അവിയോഗം, സംയോഗം, സങ്കോചം, പ്രയോഗം)

(ii) വിദേശം
(സ്വദേശം, അന്യദേശം, പരദേശം, പ്രദേശം)

(b) അർത്ഥവ്യത്യാസം എഴുതുക. $\frac{1}{2}\times 2=1$

(i) ഊറ്റം – ഊഴം
(ശക്തി, സമയം, ശുദ്ധി, അഴി)

(ii) കോടി – കൊടി
(പത്ത് ലക്ഷം, നൂറ് ലക്ഷം, പതാക, പാതകം)

(c) എതിർലിംഗം എടുത്തെഴുതുക. $\frac{1}{2}\times 2=1$

(i) സന്ന്യാസി
(സന്ന്യാസിന്നി, സന്ന്യാസിനി, സന്ന്യാസ, സന്നി)

(ii) ഭഗവാൻ
(ഭഗൻ, ഭഗിനി, ഭഗവതി, ഭാഗ്യവതി)


Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From : http://cbseportal.com/

## ഡി വിഭാഗം

## SECTION D

**6.** ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക. $\frac{1}{2} \times 5 = 2\frac{1}{2}$

(a) (i) ദോഷങ്ങളൊക്കെ എങ്ങനെയാണ് വന്ന് ഭവിയ്ക്കുന്നത് ?

(ദേഹാഭിമാനം മൂലം, ക്ഷണപ്രഭാചഞ്ചലമായതിനാൽ, വെന്തുവെണ്ണീറാകുന്നതുകൊണ്ട്, സ്വപ്നസമാനം ആയതുകൊണ്ട്)

(ii) 'സ്നേഹഗായകൻ' എന്നറിയപ്പെടുന്ന ആധുനീക കവിത്രയത്തിൽ ഉൾപ്പെട്ട കവി.

(വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, കുമാരനാശാൻ, വി. മധുസൂദനൻ നായർ)

(iii) മണ്ണിനെ പൊന്നണിയിച്ച സംസ്ക്കാരശില്പികൾ എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരെയാണ് ?

(കവിയെ, ചരിത്രകാരന്മാരെ, പ്രഭുക്കളെ, തൊഴിലാളികളെ)

(iv) ആകാശഗോപുരങ്ങൾക്ക് താഴെ നാളേയ്ക്കുവേണ്ടി ഉറങ്ങാൻ ശ്രമിയ്ക്കുന്നതാരാണ് ?

(പെരുമാൾ, ജില്ലാശുപത്രി, വിദ്യാലയം, കോവിൽ)

(v) എന്തിനെയാണ് അമ്മയുടെ ചിന്മുദ്രയായി കവി വിശേഷിപ്പിച്ചിരിക്കുന്നത് ?

(വിദേശത്ത് നിർമ്മിച്ച അമ്മയുടെ ബിംബം, പട്ടണക്കോപ്പുകൾ, സാരോപദേശങ്ങൾ, എഴുത്തുകൾ)

(b) (i) "ഗുരുസാഗരം" ആരുടെ കൃതിയാണ് ? $\frac{1}{2} \times 5 = 2\frac{1}{2}$

(ഒ.വി. വിജയൻ, എസ്.കെ. പൊറ്റക്കാട്, ലളിതാംബിക അന്തർജ്ജനം, ശരൺ കുമാർ ലിംബാളെ)

(ii) ചെരുപ്പുകുത്തി ചെരുപ്പുകുത്താൻ കുട്ടാക്കാതിരുന്നതെന്തുകൊണ്ട് ?

(ചെരുപ്പ് വളരെ പഴകിയതുകൊണ്ട്, പെണ്ണുങ്ങളുടെ ചെരുപ്പായതുകൊണ്ട്, സന്താമായി മഹാർ ആണെന്ന് മനസ്സിലായതുകൊണ്ട്, ശരൺ കുമാർ ലിംബാളെ അക്കർമാശി ആയതുകൊണ്ട് )



Downloaded From : http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

(iii) "പാണ്ഡവർ ഈ യുദ്ധം കൊണ്ട് നേടിയ രത്നങ്ങളിൽ ഇത്ര വിലപ്പെട്ടതൊന്നില്ല." ദ്രൗണി സൂചിപ്പിക്കുന്ന ഈ രത്നം ഏതാണ് ?

(സ്യമന്തകം, കൗസ്തുഭം, ചൂഡാമണി, കോഹിന്നൂർ)

(iv) താഴെക്കൊടുത്തിരിക്കുന്നവരിൽ ജ്ഞാനപീഠം കരസ്ഥമാക്കിയ കഥാകൃത്താരാണ് ?

(പൊൻകുന്നം വർക്കി, കേശവദേവ്, എസ്.കെ. പൊറ്റക്കാട്, ലളിതാംബിക അന്തർജ്ജനം )

(v) എന്തുകൊണ്ടാണ് ആകാശം മുട്ടിനിൽക്കുന്ന മാവിനെ കുരുടിച്ചി എന്ന് വിളിച്ചിരുന്നത് ?

(മാങ്ങയ്ക്ക് നറുമധുരമുള്ളതുകൊണ്ട്, മാങ്ങയ്ക്ക് ചക്കക്കുരുവിന്റെ വലിപ്പം ഇല്ലാത്തതുകൊണ്ട്, മാവ് കുരുടിച്ച് നിൽക്കുന്നതുകൊണ്ട്, കാവുകുളങ്ങര നിൽക്കുന്നതുകൊണ്ട്)

**7.** ഉത്തരമെഴുതുക.

(a) (i) 'അമ്മത്തൊട്ടിൽ' എന്ന ശീർഷകം കവിതയ്ക്ക് എത്രമാത്രം യോജിക്കുന്നു എന്ന് പരിശോധിയ്ക്കുക.

(ii) മനുഷ്യന്റെ സർഗ്ഗശേഷി വിജയം നേടിയ ചരിത്രമുഹൂർത്തങ്ങളെ കവി പരാമർശിക്കുന്നതെങ്ങനെ ? വിശദമാക്കുക.

(iii) ക്രോധം മനുഷ്യജീവിതത്തെ ബാധിയ്ക്കുന്നതെങ്ങനെ എന്ന് പാഠഭാഗം ആസ്പദമാക്കി വിലയിരുത്തുക. *4×3=12*

(b) (i) അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചിരിക്കുന്നതെന്തുകൊണ്ട് ? വിശദമാക്കുക.

(ii) 'കടൽത്തീരത്ത്' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിയ്ക്കുക.


Downloaded From :http://cbseportal.com/ Courtesy : CBSE

Downloaded From :http://cbseportal.com/

(iii) “ചവറുകൾക്കുപകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കുതോന്നി. എത്ര തൂക്കമുണ്ടെന്നറിയാമല്ലോ. ഒരു പക്ഷേ ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല ഞങ്ങളെയും ത്രാസിൽ വച്ച് തൂക്കി നോക്കണം. ദിവസം മുഴുവനും അലഞ്ഞ് നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്.” ശരൺ കുമാറിന്റെ ഈ വാക്കുകളിൽ തെളിയുന്ന ജീവിത പശ്ചാത്തലം വിശകലനം ചെയ്യുക. *4×3=12*

**8.** **ഏതെങ്കിലും രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. *4×2=8*

(a) ചട്ടമ്പിസ്വാമികളുടെ ബാല്യവും വിദ്യാഭ്യാസവും വിശദീകരിയ്ക്കുക.

(b) കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികൾ ചെലുത്തിയ സ്വാധീനത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

(c) ചട്ടമ്പിസ്വാമികളുടെ പ്രമുഖശിഷ്യനായ കുമ്പളത്ത് ശങ്കുപ്പിള്ളയെ കുറിച്ച് ഒരു ഖണ്ഡിക തയ്യാറാക്കുക.


Downloaded From :http://cbseportal.com/ Courtesy : CBSE